പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5355 15.11.2019-ലെ മറുപടിക്ക്

**ദീർഘദൂര റൂട്ടുകളിൽ സൂപ്പർ ഫാസ്റ്റ് സർവ്വീസ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. ആർ. ടി. സി. ദീർഘദൂര റൂട്ടുകളിൽ ഫാസ്റ്റ് പാസഞ്ചർ ഒഴിവാക്കി സൂപ്പർ ഫാസ്റ്റ് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; | (എ) | കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 06.5.2019 തീയതി മുതൽ ആരംഭിച്ചിട്ടുള്ളത്. കൂടാതെ തിരുവനന്തപുരം - കോട്ടയം, തിരുവനന്തപുരം-എറണാകുളം എന്നീ റൂട്ടുകളിൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഉപയോഗിച്ചും ചെയിൻ സർവ്വീസുകൾ 04.8.2019 മുതൽ ആരംഭിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിലാണ് ടി സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. കൂടാതെ ഇത്തരത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതിനെ തുടർന്ന് യാത്രാസൗകര്യം നഷ്ടപ്പെട്ടിട്ടുള്ള മേഖലകളിൽ യാത്രക്കാർക്ക് പ്രയോജനകരമാകുന്ന രീതിയിലും കോർപ്പറേഷന്റെ വരുമാനം ഉറപ്പ് വരുത്തിയും, ട്രിപ്പുകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എത്ര ഫാസ്റ്റ് പാസ്സഞ്ചർ സർവ്വീസുകളാണ് ഈ വർഷം ഒഴിവാക്കിയത്; ഇതുപ്രകാരം കെ. എസ്. ആർ. ടി. സി. ക്ക് സാമ്പത്തിക നേട്ടം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) യും (സി) യും | ഇത്തരം പുനഃക്രമീകരണത്തിലൂടെ സമയക്രമം പാലിക്കാതെയും, കൃത്യമായ ഇടവേള ഇല്ലാതെയും നടത്തി വന്നിരുന്ന 57 ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ വിവിധ യൂണിറ്റുകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ടി ബസ്സുകൾ ഉപയോഗിച്ച് മറ്റ് മേഖലകളിൽ പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരം ക്രമീകരണത്തിലൂടെ വരുമാന വർദ്ധനവ് ഉണ്ടായിട്ടുമുണ്ട്. |
| (സി) | ഗ്രാമീണ മേഖലകളിലെ യാത്രക്കാർക്ക് പ്രധാന നഗരങ്ങളിലേക്ക് നേരിട്ട് ഉണ്ടായിരുന്ന സർവ്വീസുകളെ പ്രസ്തുത പരിഷ്കാരം ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു മൂലമുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുവാൻ കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**